II ഇ.ബി. XIV - കേരള നിയമസഭ/XVI-6

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 05, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14 (*181 & *182) ആദായ നികുതി പരിധിയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിന് നടപടി

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്തിരിക്കുന്ന 194 N, 80(P) വകുപ്പുകൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാന സഹകരണ മേഖലയെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കൃഷി വകുപ്പുമന്ത്രിക്കും നിവേദനം സമർപ്പിച്ചതിനുപുറമെ എം.പി.-മാരുടെ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിക്കുകയുണ്ടായെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ പ്രാഥമിക

വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസല്ല ചെയ്യുന്നതെന്ന വ്യാഖ്യാനത്തെ തുടർന്നാണ് ഇത്തരത്തിൽ നികുതി ഈടാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് ആദായ നികുതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അതിന് കടകവിരുദ്ധമായ കാര്യങ്ങളാണ് പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്തിരിക്കുന്നതുമൂലം ഉണ്ടായിരിക്കുന്നത്. നിയമ ഭേദഗതിക്കെതിരെ ഈ സമ്മേളനത്തിൽ പ്രമേയം പാസ്സാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. സഹകരണ മേഖലയുടെ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് രൂപം നൽകിയ കേരള ബാങ്ക് നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ സർവ്വീസ് സഹകരണ ബാങ്കുകളുടെ എണ്ണം 400 ആയി ചുരുങ്ങുന്നതാണ്. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതും ജപ്തി നടപടികളിൽനിന്ന് ബാങ്കുകൾ പിന്മാറണമെന്ന് കർശന നിർദ്ദേശം നൽകുന്നതുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിനായി മുറ്റത്തെ മുല്ല പദ്ധതി, റിസ്ക് ഫണ്ട് പദ്ധതി, നിക്ഷേപ സുരക്ഷാ പദ്ധതി, 'നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി',

ഉജ്ജീവന വായ്പാ സഹായ പദ്ധതി, കെയർ കേരള തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയിൽ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സഹകരണ മേഖലയിൽ ഡിജിറ്റൽ സംവിധാനം കൊണ്ടുവരാൻ ശ്രമിക്കുന്നതാണെന്നും നോട്ട് നിരോധനത്തിനുശേഷം സഹകരണ മേഖലയിലെ നിക്ഷേപത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15(*183 & *201) <u>ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് പദ്ധതി</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സുപ്രീംകോടതി വിധി നടപ്പാക്കിയതുമൂലം കഴിഞ്ഞ വർഷം ഉണ്ടായതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും സന്നിധാനത്തെത്തുന്ന ഭക്തജനങ്ങൾക്ക് സുഗമമായി ദർശനം നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഭക്തജനങ്ങളുടെ സൗകര്യാർത്ഥം 12 കേന്ദ്രങ്ങളിൽ ഇടത്താവളം നിർമ്മിക്കുന്നതിനായി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമലയിലെ വികസന

പ്രവർത്തനങ്ങൾക്കായി 1255.32 കോടി രൂപ അനുവദിച്ച് തുടർനടപടികൾ നടന്നുവരുന്നുണ്ട്. പ്രളയം, സുപ്രീംകോടതി വിധി നടപ്പാക്കൽ എന്നിവമൂലം തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി പ്രഖ്യാപിച്ച 100 കോടി രൂപയിൽ ആദ്യഗഡുവായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയുടെ ഭാഗമായ സ്പിരിച്വൽ സർക്യൂട്ട് പദ്ധതി മുഖേനയും സഹായം ലഭ്യമാക്കിയിട്ടുണ്ട്. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും സന്നിധാനത്തെ ഭക്തജനത്തിരക്ക് ക്രമീകരിക്കുന്നതിനായി വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും അപ്പം, അരവണ എന്നിവയുടെ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2279 മുതൽ 2617 വരെയുള്ള ചോദ്യങ്ങളിൽ 74 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)